# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : **2164** 18.03.15- ലെ മറുപടിക്ക്

**<u>സഹകരണ മേഖലയെ ദുർബലമാക്കുന്ന നയങ്ങളും നിലപാടുകളും</u>**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ<br>,, എം. ചന്ദ്രൻ<br>,, കോലിയക്കോട് എൻ കൃഷ്ണൻ നായർ<br>,, കെ.കുഞ്ഞിരാമൻ (ഉദുമ) | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നയങ്ങളുടേയും നിലപാടുകളുടേയും ഫലമായി സംസ്ഥാനത്തെ സഹകരണ മേഖല ദുർബലമാകുന്നുണ്ടോ; | (എ) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നയങ്ങളും നിലപാടുകളും സംസ്ഥാനത്തെ സഹകരണ മേഖലയെ ദുർബലമാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ രാജ്യവ്യാപകമായി സഹകരണ മേഖലയിൽ നടപ്പിലാക്കുന്ന തീരുമാനങ്ങളിൽ ചിലത് സംസ്ഥാനത്തെ സഹകരണ മേഖലക്ക് അനുയോജ്യമല്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ അനുയോജ്യമായ നിലപാടുകൾ ഉണ്ടാകുന്നതിന് പ്രസ്തുത വിഷയങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| ബി) അടിക്കടിയുള്ള സഹകരണ നിയമത്തിലെ ഭേദഗതിയും നിർദ്ദേശങ്ങളും സഹകരണ പ്രസ്ഥാനങ്ങളെ തകർക്കുന്നുണ്ടോ; | (ബി) സംസ്ഥാന സഹകരണ നിയമത്തിലെ ഭേദഗതികൾ സംഘങ്ങളെ ദോഷകരമായി ബാധിച്ചിട്ടുള്ളതായി കരുതുന്നില്ല. സംസ്ഥാനത്തെ സഹകരണ മേഖലയിൽ ഉണ്ടായിട്ടുള്ള പുരോഗതി കണക്കിലെടുത്തും, ടി പുരോഗതിയുടെ അടിസ്ഥാനത്തിൽ മേഖലയിൽ കൂടുതൽ വളർച്ച ലക്ഷ്യമാക്കിയും കാലാനുസൃതമായ ഭേദഗതികളാണ് നിയമഭേദഗതിയിൽ കൊണ്ടു വരുന്നത്. |
| സി) എങ്കിൽ സഹകരണ മേഖലയെ തകർക്കുന്ന നിലപാടുകൾ തിരുത്തിക്കുന്നതിന് സർക്കാർ സ്വീകരിക്കേണ്ട കാര്യങ്ങളെക്കുറിച്ച് വിവിധ മേഖലകളിൽ നിന്നും ഉയരുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിന് തയ്യാറാകുമോയെന്ന് വിശദമാക്കാമോ? | (സി) സഹകരണ മേഖലയെ ബാധിക്കുന്ന വിഷയങ്ങളെക്കുറിച്ച് സഹകാരികളുമായി ചർച്ചകൾ നടത്താറുണ്ട്. അവരുടെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്താണ് സർക്കാർ നടപടികൾ സ്വീകരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**